4

# ലൂക്കൊസിന്റെ പുസ്തകം

## ക്രിസ്തു, എന്ന മനുഷ്യപുത്രൻ

അടുത്തത് നാം സുവിശേഷ വിവരണത്തിലെ മൂന്നാമത്തെ പുസ്ത കത്തിലേക്കു കടക്കുന്നു, എഴുതപ്പെട്ടതിൽ വെച്ച് ഏറ്റവും മനോഹ രമായ ഒരു പുസ്തകമായി പറയാവുന്ന ഒരു നീണ്ട വിവരണമാണ് അത്.

### ലൂക്കൊസിന്റെ പുസ്തകത്തിനുള്ള മുഖവുര

**പുസ്തകത്തിന്റെ എഴുത്തുകാരൻ**

ലൂക്കൊസിന്റെ പുസ്തകത്തിൽ ലേഖകന്റെ പേർ പറഞ്ഞിട്ടില്ല എങ്കിലും, മിക്കപേരും അതെഴുതിയത്, "പ്രിയ വൈദ്യനായ" ലൂക്കൊസ് ആണെന്ന് സമ്മതിക്കും (കൊലൊസ്യർ 4:14).

ലൂക്കൊസിന്റെ പുസ്തകമെഴുതിയ അതേ ആൾ തന്നെയാണ് പ്രവൃത്തികളുടെ പുസ്തകവും എഴുതിയത് (ലൂക്കൊസ് 1:1–4 ഉം പ്രവൃ ത്തികൾ 1:1–ഉം താരതമ്യം ചെയ്യുക). ഒരേ പുസ്തകത്തിന്റെ രണ്ടു വാല്യമായിട്ടാണ് ആ രണ്ടു പുസ്തകങ്ങളും രൂപപ്പെടുത്തിയിരിക്കുന്നത്.[1] അപ്പൊസ്തലനായ പൗലൊസിനോടുകൂടെ ഇടയ്ക്കിടെ അതിന്റെ ലേഖകൻ സഞ്ചരിച്ചിരുന്നു എന്ന് പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു (പ്രവൃത്തികൾ 16:10; 20:5; 21:1 നോക്കുക). പൗലൊസിനോടു കൂടെ യാത്ര ചെയ്ത അറിയപ്പെടുന്ന ആളുകളിൽ, ലൂക്കൊസ് ഒഴിച്ച് മറ്റുള്ളവരെ, ഒഴിവാക്കാം.[2] ലൂക്കൊസിന്റെ പുസ്തകത്തിന്റെയും പ്രവൃത്തികളുടെ പുസ്തകത്തിന്റെയും ലേഖകൻ വൈദ്യനായ ലൂക്കൊസ് തന്നെയാ ണെന്നുള്ള തീർച്ചപ്പെടുത്തൽ പ്രാരംഭ (ദൈവശ്വാ സീയമല്ലാത്ത) സഭയുടെ[3] പാരമ്പര്യവുമായി യോജിക്കുന്നതാണ്.

ലൂക്കൊസ് ആരായിരുന്നു? അവനെ നാം ഒരു ഗ്രീക്ക് പേരിനാലാണ്[4] അറിയുന്നത്; അവൻ ചിലപ്പോൾ ഒരു ഗ്രീക്കുകാരനായി ജനിച്ചിരിക്കാം (നോക്കുക കൊലൊസ്യർ 4:10, 11, 14). അത് അവനെ പുതിയ നിയമ ത്തിനുവേണ്ടി എഴുതിയ ജാതിയിൽപെട്ട ഏക എഴുത്തുകാരനാണെന്നു വ്യക്തമാക്കുന്നു. ഒരുപക്ഷെ അന്ത്യോക്യയിലെ[5] പ്രാരംഭ പരിവർത്തകരിൽ ഒരാളായിരിക്കാം അവൻ. അങ്ങനെയെങ്കിൽ, അവൻ സഭ[6] സ്ഥാപിച്ച് പതിനഞ്ചു വർഷങ്ങൾക്കുള്ളിൽ ക്രിസ്ത്യാനിയായി തീർന്നു എന്നർത്ഥം.

മുൻപു പറഞ്ഞതുപോലെ, ലൂക്കൊസ് ഒരു വൈദ്യനായിരുന്നു (കൊലൊസ്യർ 4:14) പൗലൊസിനോടുകൂടെ യാത്ര ചെയ്ത വ്യക്തിയു മായിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിലെ ''ഞങ്ങൾ'' എന്ന പ്രയോഗമുള്ള വേദഭാഗങ്ങൾ ആരംഭിക്കുന്നത് പ്രവൃത്തികൾ 16–ൽ പൗലൊസ് ഫിലിപ്പ്യയിലേക്കു പോകുവാൻ ത്രോവാസ് (ഏതാണ്ട് എ.ഡി. 51)

വിട്ടപ്പോഴാണ്. വ്യക്തമായും, പൗലൊസ് വിട്ടുപോയപ്പോൾ ലൂക്കൊസ് ഫിലിപ്പ്യയിൽ താമസിച്ചു, കാരണം ''ഞങ്ങൾ'' എന്ന പ്രയോഗമുള്ള വാക്യങ്ങൾ അവിടെ അവസാനിക്കുന്നു. പൗലൊസ് മടങ്ങിവരുന്നതുവരെ അവൻ സ്പഷ്ടമായും ഫിലിപ്പ്യയിലെ ഇടവകയിൽ പ്രവർത്തിച്ചു. അപ്പോൾ മുതൽ, ''ഞങ്ങൾ'' എന്ന പ്രയോഗമുള്ള വേദഭാഗങ്ങൾ വീണ്ടും ആരംഭിക്കുന്നു; പാലസ്തീനിന്റെ ഒരു തുറ മുഖമായ, കൈസര്യയിൽ വെച്ചുള്ള അപ്പൊസ്തലന്റെ നാലു-വർഷ തടവുവരെ ലൂക്കൊസ് പൗലൊസിനോടുകൂടെ യാത്ര ചെയ്തിരുന്നു. ആ നാലുവർഷക്കാലം, ലൂക്കൊസ് ഒരുപക്ഷെ അടുത്തുതന്നെ താമസിച്ചിരിക്കാം – കാരണം "ഞങ്ങൾ" എന്ന പ്രയോഗങ്ങൾ പൗലൊസ് കൈസര്യവിട്ട് റോമിലേക്കു പോയപ്പോൾ വീണ്ടും തുടങ്ങുന്നു. (പാലസ്തീനിൽ ആയിരുന്നപ്പോൾ ആയിരിക്കാം, ലൂക്കൊസ് 1:1–4[7] ൽ സൂചിപ്പിച്ചിരിക്കുന്ന ഗവേഷണ ത്തിലധികവും ലൂക്കൊസ് ചെയ്തത്.) റോമിൽ, ലൂക്കൊസ് പൗലൊസിന്റെ ''സഹ പ്രവർത്തകരിൽ'' ഒരാളായിരുന്നു (ഫിലെമോൻ 24). പിന്നീട്, പൗലൊസ് വീണ്ടും-തടവിലാക്കപ്പെട്ടശേഷം അവൻ മരണം കാത്തിരി ക്കുമ്പോൾ, ലൂക്കൊസ് അവനോടൊപ്പം ഉണ്ടായിരുന്നു (2 തിമൊഥെയൊസ് 4:11).

ലൂക്കൊസ് ഒരു ശ്രദ്ധേയ മനുഷ്യൻ ആയിരുന്നു: ഒരു വിദ്യാസമ്പന്ന നായ ഗ്രീക്കുകാരനും, പൗലൊസിന്റെ സഹപ്രവർത്തകനും, കഴിവുള്ള ഉപദേഷ്ടാവും മിഷ്ണറിയുമായിരുന്നു. ലൂക്കൊസിന്റെയും പ്രവൃത്തി കളുടെയും ലേഖകൻ എന്ന നിലയിൽ, ക്രിസ്ത്യാനിത്വത്തിനുള്ള ആദ്യത്തെ വലിയ സഭാചരിത്രകാരനും അതിന്റെ വിശ്വാസങ്ങളെ പിൻതാങ്ങുന്ന സാഹിത്യകാരനും ആയിരുന്നു.

**പുസ്തകത്തിന്റെ തീയതി**

ലൂക്കൊസിന്റെ പുസ്തകം എഴുതിയ തീയതി രണ്ടു ദിശകളിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. ഒരു വശത്ത്, യേശു മരിക്കുകയും ലൂക്കൊസ് പരിവർത്തനം ചെയ്യപ്പെടുകയും ചെയ്തതുമുതൽ കുറച്ചു സമയം കടന്നുപോവുകയും – യേശുവിന്റെ ജീവിതത്തിലെ പല വിവരണങ്ങളും ചേർക്കുന്നതിന് മതിയായ സമയം ലഭിക്കുകയും ചെയ്തു (ലൂക്കൊസ് 1:1). മറുവശത്ത്, പ്രവൃത്തികൾ (കൂട്ട് വാല്യം) എഴുതപ്പെട്ടതു പൗലൊസ് റോമിലുണ്ടായിരുന്ന ആദ്യത്തെ രണ്ടു വർഷത്തിന്റെ അവസാന ഘട്ടത്തിലാണ് (പ്രവൃത്തികൾ 28:30) – ഏതാണ്ട് ഏ.ഡി. 62. ലൂക്കൊസിന്റെ പുസ്തകം എഴുതപ്പെട്ടത് ഏ.ഡി. 60[8] ലാണെന്നാണ് മിക്ക യാഥാസ്ഥിതിക എഴുത്തുകാരും തീർച്ചപ്പെടുത്തിയിട്ടുള്ളത്.

**പുസ്തകത്തിന്റെ ആമുഖം**

ലൂക്കൊസിന്റെ പുസ്തകത്തിനു പ്രത്യേകമായ ഒരു ആമുഖമുണ്ട്:

> ശ്രീമാനായ തെയോഫിലോസേ, ആദിമുതൽ കണ്ട സാക്ഷികളും വചനത്തിന്റെ ശുശ്രൂഷകന്മാരുമായവർ, നമ്മെ ഭരമേല്പിച്ചതു പോലെ നമ്മുടെ ഇടയിൽ പൂർണ്ണമായി പ്രമാണിച്ചുവരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമെപ്പാൻ, പലരും തുനിഞ്ഞിരിക്കകൊണ്ട്;

> നിനക്ക് ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതിന്നു, അതു ക്രമമായി എഴുതുന്നതു നന്നെന്നു, ആദിമുതൽ സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ടു എനിക്കും തോന്നിയിരിക്കുന്നു (ലൂക്കൊസ് 1:1–4).[9]

ആ ആമുഖത്തിൽ നിന്നു ചില പ്രധാന കാര്യങ്ങൾ നമുക്ക് പരിഗണിക്കാം:

''നമ്മുടെ ഇടയിൽ പൂർണ്ണമായി പ്രമാണിച്ചുവരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമെപ്പാൻ പലരും തുനിഞ്ഞിരിക്കകൊണ്ട്'': തീർച്ചയായും, യേശുവിനെ കുറിച്ച് എല്ലാ സഭകൾക്കും പൊതുവായ വിശ്വാസ ഘടകങ്ങൾ ഉണ്ട്.

"... ആദിമുതൽ കണ്ട സാക്ഷികളും വചനത്തിന്റെ ശുശ്രൂഷ കന്മാരും ആയവർ നമ്മെ ഭരമേൽപിച്ചതുപോലെ'': ''കണ്ട സാക്ഷികളും ശുശ്രൂഷകന്മാരും" എന്ന വാക്കുകൾ പ്രാഥമികമായും സൂചിപ്പിക്കുന്നതു ഒരുപക്ഷെ അപ്പൊസ്തലന്മാരെ കുറിച്ചായിരിക്കാം (നോക്കുക പ്രവൃത്തികൾ 1:21, 22), എന്നാൽ അവ പൊതുവായ ആ വിശ്വാസ ഘടകങ്ങളുടെ യോജിപ്പിനെയാണ് സൂചിപ്പിക്കുന്നത്.

"... സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ട്, എനിക്കും തോന്നിയിരിക്കുന്നു": ക്രിസ്തുവിന്റെ ജീവിതത്തെകുറിച്ച് എഴുതിയ ചിലർ സകലതും സൂക്ഷ്മമായി പരിശോധി*ച്ചില്ല* എന്നായിരിക്കാം ഇതു സൂചിപ്പിക്കുന്നത്.[10] യേശുവിന്റെ ജീവിതത്തെ കുറിച്ചുള്ള വിവരണങ്ങളാണെന്നു സൂചിപ്പിക്കുന്ന – പല ദൈവശ്വാസീയമല്ലാത്ത പ്രാരംഭ എഴുത്തുകളും – ഇന്നും നിലനില്ക്കുന്നുണ്ട്, പക്ഷെ അതിൽ നിറയെ വിഡ്ഢിത്തങ്ങളാണുള്ളത്.

''... ആദിമുതൽ'': ഇതു വ്യക്തമായും, സഭയുടെ പ്രാരംഭ ചരിത്ര കാലത്തുള്ള "കണ്ട സാക്ഷികളു" മായി ലൂക്കൊസിനു ബന്ധമുണ്ടായിരുന്നുവെന്നു സൂചിപ്പിക്കുന്നു.

"... നീ അറിയേണ്ടതിന്നു അതു ക്രമമായി എഴുതുന്നതു'': കാലനിർണ്ണയഗതിപ്രകാരം ഈ വിവരണം രൂപപ്പെടുത്തുവാൻ മറ്റു സുവിശേഷ വിവരണ എഴുത്തുകാരേക്കാൾ ലൂക്കൊസ് കൂടുതൽ ശ്രദ്ധയോടെ ശ്രമിച്ചിരിക്കാമെന്നാണ് ഇതു സൂചിപ്പിക്കുന്നതു. എങ്ങനെയായാലും, നാം കാണുമ്പോലെ, ലൂക്കൊസിന്റെ വിവരണങ്ങൾ പോലും മുഴുവൻ കാലനിർണ്ണയാനുക്രമമായിരുന്നില്ല. "ക്രമമായി എഴുതുക," എന്ന വാക്ക് അതുകൊണ്ട് ഉദ്ദേശിക്കുന്നത്, വിവരണങ്ങൾ *ക്രമമായി* എഴുതുന്നതിനെയാണ് – ഒരു യുക്തിപരമായ, വളരെ ശ്രദ്ധയോടെ ഉള്ള വിവരണം.

"... ശ്രീമാനായ തെയോഫിലോസേ": "ശ്രീമാൻ" എന്നത് ഒരു ഉദ്യോഗ സ്ഥനോടു ബഹുമാന സൂചകമായി പറയുന്ന വാക്കാണ്. "തെയോഫിലോസ്" എന്നതു ഒരു ഗ്രീക്ക് പേരും അർത്ഥം "ദൈവത്തെ സ്നേഹി ക്കുന്നവൻ" എന്നുമാണ്. അതു ദൈവത്തെ സ്നേഹിക്കുന്ന എല്ലാവരേയും സൂചിപ്പിച്ചേക്കാം, എന്നാൽ ഒരു പ്രത്യേക വ്യക്തിയെ സൂചിപ്പിക്കുന്നതാകാം. ഒരുപക്ഷെ ആ വ്യക്തി ലൂക്കൊസിനെ പിൻതാങ്ങുന്നവനും തന്റെ പ്രസിദ്ധീകരണത്തിനു[11] വേണ്ട സാമ്പത്തിക

സഹായം ചെയ്യുന്നവനു മായിരുന്നേക്കാം.

"... നിനക്കു ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതിന്നു": "നിനക്കു ഉപദേശം ലഭിച്ചിരിക്കുന്ന വാർത്ത" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് മുൻപിലത്തെ നിർദ്ദേശത്തെ കുറിച്ചാണെന്നു ചിലർ വിശ്വസിക്കുന്നു. അതെന്തായാലും, ആ വാക്കുകൾ പ്രാരംഭ സഭയിലുണ്ടായിരുന്ന പൊതുവായ വിശ്വാസത്തിനാണ് വീണ്ടും ഊന്നൽ കൊടുക്കുന്നത്.

ക്രിസ്ത്യാനിത്വത്തിന്റെ കീഴ്വഴക്കപ്രകാരമുള്ള ആദ്യത്തെ "വിമർശകൻ" ആയി ലൂക്കൊസിനെ ഉദ്ദേശിച്ചിരിക്കാം: വിറ്റുകൊണ്ടിരുന്ന വിവിധ വിവരണങ്ങളെ അവൻ വെറുതെ സ്വീകരിക്കുക ആയിരുന്നില്ല. മറിച്ച്, അവൻ വസ്തുതകളെ ശരിയായി പരിശോധിച്ചു. അതുകൊണ്ട് അവൻ എഴുതിയത് "ശരിയായത്" ആയിരുന്നു. അവന്റെ വിവരണങ്ങളെ പരിശോധിക്കുവാൻ തന്റെ വായനക്കാരോടു ആവശ്യപ്പെടുന്നതായി കാണാം, കാരണം പരിശോധിച്ചു ഉറപ്പിക്കാവുന്ന ചരിത്രപരമായ വസ്തുതകളാണ് അവൻ തുടർച്ചയായി തന്നിരിക്കുന്നത് (നോക്കുക 1:5; 2:1, 2; 3:1; 13:1, 2). ലൂക്കൊസ് കൃത്യതയുള്ള ചരിത്ര കാരനായിരുന്നുവെന്ന് ഭൂഗർഭ ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടിത്തം ഉറപ്പിക്കുന്നു, അവർ ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചും പ്രാരംഭ സഭയെ കുറിച്ചും അവൻ നൽകുന്ന വിവരണത്തിന് വലിയ മതിപ്പു നൽകുന്നു.

**പുസ്തകത്തിന്റെ ഒരു പ്രത്യേക ഉറവിടം**

ലൂക്കൊസ് ഉപയോഗിച്ച ഉറവിടങ്ങളെ സംബന്ധിച്ച്, അവന് അപ്പൊസ്തലനായിരുന്ന പൗലൊസുമായി ഉണ്ടായിരുന്ന ബന്ധത്തെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രാരംഭ സഭയിലെ രണ്ടു മുഖ്യ വ്യക്തികളായിരുന്നു പത്രൊസും പൗലൊസും എന്ന് പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതനുസരിച്ച്, യേശുവിന്റെ ഉപദേശത്തെയും ജീവിതത്തെയും കുറിച്ച് രേഖപ്പെടുത്തുന്ന ഉത്തരവാദിത്വം പൂർത്തിയാക്കുവാൻ അവർക്കു ആ മുഖ്യ പ്രവർത്തിയിൽ അല്പമെങ്കിലും താല്പര്യമില്ലാതെ സാധ്യമല്ല എന്നു നാം കരുതുന്നു. പ്രാചീന (ദൈവശ്വാസീയമല്ലാത്ത) പാരമ്പര്യങ്ങൾ സത്യമാണെങ്കിൽ, രണ്ടിനും ഒരു പങ്കുണ്ട്: മർക്കൊസിന്റെ പുസ്തകത്തെ കുറിച്ചുള്ള പാഠത്തിൽ പറഞ്ഞതുപോലെ, പത്രൊസ് നൽകിയ വിവരം അനുസരിച്ചാണ് മർക്കൊസ് സുവിശേഷം എഴുതിയതെന്നു വിശ്വസിക്കുന്നു. അതു പോലെ, പ്രാരംഭ പാരമ്പര്യങ്ങൾ പറയുന്നത് പൗലൊസ് പറഞ്ഞതനുസരിച്ചാണ് ലൂക്കൊസ് സുവിശേഷം രേഖപ്പെടുത്തിയത് എന്നത്രെ.

യേശുവിന്റെ ഭൗമിക ശുശ്രൂഷക്കിടയിൽ പിൻപറ്റിയ ഒരു ശിഷ്യനായിരുന്നില്ല പൗലൊസ്; എന്നാൽ, വെളിപ്പാടിനാൽ, ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള അടിസ്ഥാനവിവരങ്ങൾ പൗലൊസിനു ലഭിച്ചു (നോക്കുക 1 കൊരിന്ത്യർ 11:23; 15:3–8; പ്രവൃത്തികൾ 20:35). യേശുവിനെ സംബന്ധിച്ച വലിയ വിഷയങ്ങൾ അവൻ പലപ്രാവശ്യം പ്രസംഗിക്കുന്നത് ലൂക്കൊസ് കേട്ടിരിക്കുവാൻ ഇടയുണ്ട്.

അതിനർത്ഥം ലൂക്കൊസ് എല്ലാ വിവരങ്ങൾക്കും പൗലൊസിനെ മാത്രം ആശ്രയിച്ചിരുന്നു എന്നല്ല. അവൻ വിപുലമായ തന്റെ ഗവേഷണ

വിവരങ്ങളും ചേർത്തിരുന്നു.[12] എന്നിരുന്നാലും, പൗലൊസിന്റെ സുവി ശേഷം രേഖപ്പെടുത്തിയത് ലൂക്കൊസ് ആണെന്നാണ് ദൈവശ്വാസീയമ ല്ലാത്ത പ്രാചീന എഴുത്തുകാരുടെ പൊതുവായ അഭിപ്രായം. ഇത് ലൂക്കൊസിന്റെ പുസ്തകം എഴുതപ്പെട്ടത് ജാതികളിൽപെട്ട സദസ്യർ ക്കാണെന്നുള്ള വസ്തുതക്കു കൂടുതൽ പ്രാധാന്യം നൽകുന്നു, പ്രത്യേ കിച്ച് ഗ്രീക്കുകാർക്ക്:[13] പൗലൊസ് ജാതികളുടെ അപ്പൊസ്തലനായിരുന്നു (പ്രവൃത്തികൾ 26:16–18) ഗ്രീക്കുകാരോട് ആദ്യം സുവിശേഷം പ്രസംഗിച്ചതും ഒരുപക്ഷെ അവനായിരിക്കാം (പ്രവൃത്തികൾ 17).

**പുസ്തകത്തിന്റെ ഊന്നൽ**

ലൂക്കൊസ് തന്റെ വിവരണം എഴുതിയത് ജാതികളെ ഉദ്ദേശിച്ച് ആയിരുന്നു: ഗിരിപ്രഭാഷണം അവൻ വിവരിച്ചപ്പോൾ (അല്ലെങ്കിൽ അതിനോടു സമാനമായ ഒരു പ്രസംഗം), അവൻ "ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും" സൂചിപ്പിച്ചിരുന്നില്ല. സ്പഷ്ടമായും "റബ്ബീ" എന്നും "ഹോശെന്നാ" എന്നുമുള്ള യെഹൂദ വാക്കുകളെ അവൻ ഒഴിവാക്കി. തന്റെ വായനക്കാർക്ക് പാലസ്തീനിന്റെ ഭൂമി ശാസ്ത്രം വിശദീകരിച്ചു കൊടുക്കുവാൻ അവൻ ശ്രദ്ധിച്ചു. അവന്റെ പ്രത്യേകമായ ഉന്നം ഗ്രീക്കുകാരായിരുന്നുവെന്ന് പൊതുവായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. (ലൂക്കൊസ് ഒരുപക്ഷെ ഗ്രീക്കുകാരനായിരിക്കാമെന്നും അവൻ തന്റെ പുസ്തകങ്ങൾ എഴുതിയത് ഒരു ഗ്രീക്ക് ഉദ്യോഗസ്ഥനാണെന്നും മുൻപ് പറഞ്ഞുവല്ലൊ.)

ലൂക്കൊസിന്റെ കാലത്തെ ഗ്രീക്കുകാർ വിദ്യാഭ്യാസമുള്ളവരായി രുന്നു, അവർ സൗന്ദര്യത്തെയും കലയെയും ഇഷ്ടപ്പെട്ടിരുന്നു. ലൂക്കൊസിന്റെ വിവരണത്തിന് ഒരു പ്രത്യേക സാഹിത്യ സ്വഭാവമുള്ളതിൽ, അതിശയിക്കുവാനില്ല. അതു പൂർണ്ണതയുള്ളതും, ക്രമമായതും, ലളിതമായതുമാണ്. മനുഷ്യന്റെ രക്ഷയുമായി അതിനുള്ള ബന്ധത്തിനു അപ്പുറമായി, അത് അസാധാരണമായ ഒരു പുസ്തക വുമാണ്. ലൂക്കൊസ് ഒരു കലാകാരനായിരുന്നുവെന്നാണ് ഒരു പ്രാരംഭ പാരമ്പര്യം പറയുന്നത്. അവൻ ക്യാൻവാസിൽ വരച്ചാലും ഇല്ലെങ്കിലും, അവൻ വാക്കുകളെ സംബന്ധിച്ച് അതിശയകരമായ ഒരു "പെയിന്റർ" ആയിരുന്നു: അദ്ധ്യായം 1–ലും 2–ണ്ടിലുമുള്ള നാല് മനോഹരമായ പദ്യ–ഗാനങ്ങൾ വായിക്കുക, അത് രേഖപ്പെടുത്തിയിരിക്കുന്നത് ലൂക്കൊസ് മാത്രമാണ്. അദ്ധ്യായം 15–ലെ മുടിയനായ പുത്രന്റേതു പോലെയുള്ള കഥകൾ, ആവേശം കൊള്ളി ക്കുന്നതാണ്. അർത്ഥവും ലാളിത്യവുമുള്ള മാതൃകകൾ ആണ് ലൂക്കൊസിന്റെ പ്രസ്താവനകൾ.

തികഞ്ഞ പുരുഷത്വത്തിന്റെ ആരാധകരും ആയിരുന്നു ഗ്രീക്കുകാർ. തികഞ്ഞ പുരുഷത്വത്തെ അവർ ആരാധിച്ചതുകൊണ്ട് അവരുടെ ദേവന്മാർക്കു അവർ മനുഷ്യരൂപം നൽകി. അത്തരം മനസ്സുള്ളവരോട്, ലൂക്കൊസ് യേശുവിനെ ഒരു പൂർണ്ണ മനുഷ്യപുത്രനായിട്ടാണ് അവതരിപ്പിച്ചത്. ലൂക്കൊസിന്റെ പുസ്തകത്തിൽ യേശു വിന്റെ മനുഷ്യസ്വഭാവത്തെ എടുത്തുകാണിക്കുന്നു. ആ ഊന്നലിന്റെ ചില ചിത്രീകരണങ്ങൾ ഇതാ:

- മനുഷ്യ ചരിത്രത്തിൽ യേശുവിന് പ്രധാന പങ്കുണ്ടായിരുന്നതായി ലൂക്കൊസിന്റെ ചരിത്രപരമായ സൂചനകൾ കാണിക്കുന്നു.
- ലൂക്കൊസിന്റെ വംശാവലി (ലൂക്കൊസ് 3) മത്തായിയുടെതിൽ (മത്തായി 1) നിന്നും വ്യത്യസ്തമാണ്: മത്തായിയുടെ വംശാവലി ഊന്നൽ നൽകുന്നത് യേശുവിന്റെ *നിയമ* ചിന്താഗതിയിലാണ് – അത് യോസേഫ് മുഖാന്തരമുള്ളതാണ്. അതിനു വിപരീതമായി, ലൂക്കൊസിന്റെ വംശാവലി യേശുവിന്റെ *ജഡപ്രകാരമുള്ള* ചിന്താഗതിക്ക് പ്രാധാന്യം നൽകുന്നതായി തോന്നുന്നു – അതു മറിയ മുഖാന്തരമുള്ളതും – തിരിച്ചു ആദാമിലേക്കുള്ളതുമാണ്. അങ്ങനെ യേശു എല്ലാ ആളുകളെയും പോലെ മനുഷ്യനായി ജീവിച്ചു എന്നാണ് ലൂക്കൊസ് കാണിക്കുന്നത്.
- യേശുവിന്റെ ജനനത്തെ രേഖപ്പെടുത്തിയത് ലൂക്കൊസ് മാത്രമാണ് (ലൂക്കൊസ് 2). വിശദാംശങ്ങൾ അവന്റെ മനുഷ്യത്വത്തിന് ഊന്നൽ കൊടുത്തിരിക്കുന്നു. ചുങ്കം കൊടുക്കുവാൻ അവന്റെ അപ്പനും അമ്മയും ബേഥ്ലെഹെമിലേക്കു പോയി (മറ്റെല്ലാവരെയും പോലെതന്നെ). യേശു ജനിച്ചത് ഒരു എളിയ തൊഴുത്തിലായിരുന്നു. അവനെ ആദ്യം സന്ദർശിച്ചത് ആട്ടിടയന്മാരായിരുന്നു.[14]
- യേശുവിന്റെ പ്രാരംഭ ജീവിതത്തെ കുറിച്ച് ലൂക്കൊസ് മാത്രമാണ് പറഞ്ഞത്. യേശുവിന്റെ വളർച്ച ശ്രദ്ധിക്കത്തക്ക പ്രാധാന്യമുള്ളതായിരുന്നു, എന്നാൽ അസാധാരണമായിരുന്നില്ല. മറ്റുള്ളവർ വളർന്നതുപോലെയാണ് അവനും വളർന്നത് (2:40, 52).
- മറ്റുള്ളവർ സ്നാനമേറ്റപ്പോൾ യേശു സ്നാനപ്പെട്ടുവെന്ന് ലൂക്കൊസ് ഊന്നിപ്പറഞ്ഞിരിക്കുന്നു (3:21).
- യേശു പരീക്ഷിക്കപ്പെട്ടപ്പോൾ (4:1–13), മനുഷ്യന് നേരിട്ടു കൊണ്ടിരിക്കുന്ന എല്ലാ പരീക്ഷണത്തെയും അവൻ നേരിട്ടു.
- യേശുവിന്റെ ശുശ്രൂഷയിലുടനീളം, അവന്റെ മനുഷ്യത്വത്തിന് ഊന്നൽ കൊടുത്തിരുന്നു: അവൻ കരഞ്ഞു (19:41); അവൻ പ്രാർത്ഥിച്ചു (3:21; 5:16; 6:12); അവന് മനസ്സലിവു തോന്നി (7:13; 10:33; 15:20); അവൻ മരിച്ചു (23:46).

ഇതിനർത്ഥം യേശുവിനെ വെറും ഒരു മനുഷ്യനായി മാത്രമാണ് ലൂക്കൊസ് അവതരിപ്പിച്ചത് എന്നല്ല. യേശു *പൂർണ്ണ* മനുഷ്യനായിരുന്നു; അവൻ ദൈവ–മനുഷ്യൻ ആയിരുന്നു; അവൻ നമ്മുടെ രക്ഷകനാണ്. നാം ജനിക്കുമ്പോൾ നിഷ്കളങ്കരാണ്, എന്നാൽ അവൻ *വിശുദ്ധ*നായിരുന്നു (1:35). യേശുവിന്റെ ജീവിതത്തിലെ[15] പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ ലൂക്കൊസിന്റെ വിവരണം ഊന്നി പറയുന്നുണ്ട്. മത്തായി യുടെയും മർക്കൊസിന്റെയും പുസ്തകത്തിൽ ഉള്ളതിനേക്കാൾ പരിശുദ്ധാത്മാവിനെ കുറിച്ചുള്ള കൂടുതൽ വാക്യങ്ങൾ ലൂക്കൊസിന്റെ പുസ്തകത്തിൽ ഉണ്ട്.

**പുസ്തകത്തിന്റെ സ്വഭാവവിശേഷതകൾ**

പുസ്തകത്തിലെ മിക്ക സ്വഭാവവിശേഷതകളും നാം ചർച്ച ചെയ്തു

കഴിഞ്ഞ സൂചനകളുമായി ബന്ധപ്പെട്ടവയാണ്.

ലൂക്കൊസിന്റെ പുസ്തകത്തിന് *ഒരു പ്രത്യേക വൈദ്യശാസ്ത്ര മനോഭാവമുണ്ട്.* ഒരു വൈദ്യന്റെ മനസ്സിനെ വെളിപ്പെടുത്തുന്നവയാണ് ലൂക്കൊസിന്റെ വിവരണങ്ങൾ പലപ്പോഴും. അവൻ ചിലപ്പോൾ വൈദ്യ ശാസ്ത്ര പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. (ഉദാഹരണത്തിന്, അവൻ 18:25–ൽ ശസ്ത്രക്രിയക്കുള്ള സൂചിക്ക് ഗ്രീക്ക് വാക്ക് ഉപയോഗിച്ചിട്ടുണ്ട്.) യേശുവിന്റെ "വിയർപ്പ് രക്തത്തുള്ളികൾ പോലെ ആയി" എന്നത് ലൂക്കൊസ് മാത്രമാണ് രേഖപ്പെടുത്തിയത് (ലൂക്കൊസ് 22:44). പന്ത്രണ്ടു സംവത്സരമായി രക്തസ്രവമുണ്ടായിരുന്ന ഒരു സ്ത്രീയെ കുറിച്ച് ലൂക്കൊസ് പറഞ്ഞപ്പോൾ, അവൻ മർക്കൊസിനെക്കാൾ അധികം അനുകമ്പയുള്ള ഒരു വൈദ്യ നാണെന്നു കാണിക്കുന്നു (മർക്കൊസ് 5:25, 26–ഉം ലൂക്കൊസ് 8:43–ഉം താരതമ്യം ചെയ്യുക). വ്യക്തിപരമായി, കന്യകാജനനത്തെയും, അത്ഭുത രോഗശാന്തിയിലും, യേശു വാസ്തവത്തിൽ മരിച്ചു എന്നും യേശു ശരീരത്തോടെ ഉയർത്തെഴുന്നേറ്റു, എന്നുമുള്ള വസ്തുതകളെ ഒരു വൈദ്യൻ ഉറപ്പിക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്.

ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള രേഖ എന്ന നിലയിൽ, *ഏറ്റവും കൂടുതൽ മനസ്സിലാക്കാൻ കഴിയുന്ന* ഒന്നാണ് ലൂക്കൊസ്. പറയേണ്ടതെല്ലാം പറഞ്ഞിരിക്കുന്ന ഒരു വിവരണവുമില്ല (യോഹന്നാൻ 21:25), എന്നാൽ യേശുവിന്റെ ജീവിതത്തെ കുറിച്ചു പറയുന്ന എല്ലാ പുസ്തകങ്ങളിലും വെച്ച് മാതൃകയായി പറയാവുന്നതാണ് ലൂക്കൊസിന്റെ പുസ്തകം. സുവിശേഷ രേഖകളിൽ[16] ഏറ്റവും വലുതാണത്.

മറ്റു പൊതുവായ വിവരണങ്ങളിൽ ഉള്ളതിനേക്കാൾ *കൂടുതൽ പ്രത്യേക വസ്തുതകൾ* ഈ സുവിശേഷ വിവരണത്തിലുണ്ട്. മുൻപു പറഞ്ഞതു പോലെ, ലൂക്കൊസ് മാത്രമാണ് യേശുവിന്റെ ജനനത്തെയും ബാല്യത്തെയും രേഖപ്പെടുത്തിയത്. ഒറ്റപ്പെട്ട ഖണ്ഡികകൾ ഒഴിച്ചാൽ, 9:51–ലെ വസ്തുതകൾ മുതൽ 18:30 വരെയുള്ളവ ലൂക്കൊസിനു മാത്രം അവകാശപ്പെടാവുന്നതാണ്. എമ്മവുസിലേക്കുള്ള ശിഷ്യന്മാർക്ക് ഉയർത്തെഴുന്നേൽപ്പ് പ്രത്യക്ഷത നടത്തിയത് വിശദീകരിക്കുന്നത് ലൂക്കൊസ് മാത്രമാണ് (24:13–35) സ്വർഗ്ഗാരോഹണത്തെ കുറിച്ചും അതുപോലെ തന്നെ (24:50–53; കൂടാതെ പ്രവൃത്തികൾ 1:9–11 നോക്കുക).

*പ്രാർത്ഥന*യെ സംബന്ധിച്ച് ലൂക്കൊസ് പ്രത്യേക ഊന്നൽ കൊടു ത്തിരിക്കുന്നു. യേശുവിന്റെ ജീവിതത്തിലെ മുഖ്യ സംഭവങ്ങൾക്കിടയിൽ, അവൻ പ്രാർത്ഥിക്കുമായിരുന്നുവെന്ന് പുസ്തകം വ്യക്തമാക്കുന്നു (3:21; 6:12, 13; 9:18, 28, 29).

തന്റെ വിവരണത്തിൽ, ലൂക്കൊസ് *ബലഹീനർക്കും, ആവശ്യക്കാർക്കും, പുറജാതിക്കാർക്കും* പ്രത്യേക ശ്രദ്ധ കൊടുത്തിട്ടുണ്ട്. പല കണ്ടുമുട്ട ലുകളിലും സ്ത്രീകളെ ചിത്രീകരിച്ചിട്ടുണ്ട്. (1–ഉം 2–ഉം അദ്ധ്യായങ്ങളിൽ മറിയക്കും എലിശബത്തിനും ഊന്നൽ കൊടുക്കുന്നതും, കൂടാതെ നയീനിലെ വിധവയുടെയും 7–ാം അദ്ധ്യായത്തിലെ പാപിയായ സ്ത്രീയുടെയും സംഭവങ്ങൾ ശ്രദ്ധിക്കുക.) സാമൂഹ്യ പുറജാതിക്കാരെ ഉചിതമായ രീതിയിൽ വരച്ചു കാണിച്ചിരിക്കുന്നു (നല്ല ശമര്യക്കാരൻ [10:30–37], മുടിയനായ പുത്രൻ [15:11–32], എളിമയുള്ള ചുങ്കം പിരിവുകാർ [18:13, 14], സക്കായി [19:2–10], ക്രൂശിലെ കള്ളൻ [23:43]). യേശു

''പാപികളുടെയും ചുങ്കക്കാരുടെയും സ്നേഹിതൻ ആയിരുന്നു!'' (ലൂക്കൊസ് 7:34).

**പുസ്തകത്തിന്റെ ഉദ്ദേശം**

വ്യാഖ്യാതാക്കൾ ലൂക്കൊസിന്റെ പുസ്തകത്തെ "രക്ഷാ സുവിശേഷം" എന്നും "പാപിക്കുള്ള സുവിശേഷം'' എന്നുമാണ് വിളിച്ചിട്ടുള്ളത്. ഈ പൊതുവായ സുവിശേഷം മാത്രമാണ് യേശുവിനെ "രക്ഷകൻ" ആയി പറഞ്ഞിട്ടുള്ളത് (ലൂക്കൊസ് 2:11). പുസ്തകത്തിലെ മുഖ്യ വേദഭാഗം 19:10 ആണ്: "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലൊ മനുഷ്യപുത്രൻ വന്നത്.''

**പുസ്തകത്തിന്റെ വിഭജനം**

ലൂക്കൊസിന്റെ പുസ്തകം സ്വാഭാവികമായി വിഭജിച്ചിട്ടുള്ളത് (1) ക്രിസ്തുവിന്റെ പ്രാരംഭ ജീവിതം, (2) അവന്റെ ശുശ്രൂഷ, (3) അവന്റെ മരണവുമായി ബന്ധപ്പെട്ടുള്ള സംഭവങ്ങൾ, (4) അവന്റെ ഉയർത്തെഴുന്നേൽപ്. രണ്ടാമത്തെ വിഭജനമായ – അവന്റെ ശുശ്രൂഷക്കും – രണ്ടു പ്രത്യേക വിഭാഗങ്ങളുണ്ട്. താഴെ കൊടുത്തിരിക്കുന്ന ബാഹ്യരൂപ രേഖയിൽ അഞ്ചു മുഖ്യമായ വിഭജനങ്ങൾ അതു നൽകുന്നു.

യേശുവിന്റെ ശുശ്രൂഷയുടെ ആദ്യ ഭാഗമായ, 4:14 മുതൽ 9:50 വരെയുള്ള ഭാഗങ്ങളിൽ, ഏതാനും ഉപദേശങ്ങൾ നൽകിയിരിക്കുന്നു എങ്കിലും, ഊന്നൽ നൽകുന്നത് അവന്റെ പ്രവർത്തികൾക്കും അത്ഭുത ങ്ങൾക്കുമാണ്. അവന്റെ ഗലീലിയിലെ ശുശ്രൂഷയെ കുറിച്ചാണ് ഈ ഭാഗത്തു പറയുന്നത്. മറ്റു പൊതുവായ വിവരണങ്ങളിൽ ഉള്ളതു പോലെ തന്നെയാണ് മിക്ക വസ്തുതകളും.

രണ്ടാം ഭാഗം, 9:51 മുതൽ 18:30 വരെയുള്ളത്, പ്രത്യേകമായും ലൂക്കൊസിന്റേതാണ്. (അതിലുള്ളതിൽ കുറച്ചുമാത്രമാണ് മറ്റു വിവരണങ്ങളിൽ കാണുന്നത്.) യേശു യെരുശലേമിലേക്ക് ''പോകുവാൻ തീരുമാനിച്ചു'' എന്ന് കാണിക്കുന്നതാണ് ആ ഭാഗം – അവന്റെ മനസ്സിലെങ്കിലും (9:51 നോക്കുക). ഇതിനെ യെഹൂദ്യ–പെറിയ ശുശ്രൂഷ എന്നാണ് ലൂക്കൊസ് വിവരിച്ചിരിക്കുന്നത്. ഈ അദ്ധ്യായങ്ങളിൽ അത്ഭുതങ്ങളും പ്രവർത്തികളും വിവരിച്ചിട്ടുണ്ട്, എന്നാൽ ഊന്നൽ കൊടുത്തിരിക്കുന്നത് ഉപദേശത്തിനാണ്. ആദ്യം, ആ ഭാഗത്ത് ഉപദേശങ്ങളും ഉപമകളും ക്രമത്തിൽ അല്ലാത്തതായി കാണാം, എന്നാൽ അതിൽ ലൂക്കൊസ് തന്റെ ജാതികളായ വായനക്കാർക്ക് യേശുവിന്റെ ദൗത്യത്തിന്റെ അർത്ഥം വിശദീകരിച്ചു കൊടുക്കുവാൻ പുതിയ വസ്തുതയാണ് ഉപയോഗിച്ചിരിക്കുന്നത്.

## ലൂക്കൊസിന്റെ പുസ്തകത്തിന്റെ ബാഹ്യരേഖാരൂപം

I. മനുഷ്യപുത്രന്റെ ഒരുക്കം (1:1–4:13).
   A. ആമുഖം (1:1–4).
   B. ജനനവും ശൈശവവും.
      1. യോഹന്നാൻ സ്നാപകന്റെ ജനനത്തെ കുറിച്ചു സെഖര്യാവിനോടു പറയുന്നു (1:5–25).
      2. യേശുവിന്റെ ജനനത്തെ കുറിച്ച് മറിയയോടു പറയുന്നു (1:26–38).
      3. മറിയ എലിശബത്തിനെ സന്ദർശിക്കുന്നു (1:39–56).
      4. യോഹന്നാന്റെ ജനനവും ആരംഭ ജീവിതവും (1:57–80).
      5. യേശുവിന്റെ ജനനം (2:1–7).
      6. യേശുവിന്റെ ജനനത്തെ കുറിച്ച് ഇടയന്മാരോടു പറയുന്നു (2:8–20).
      7. ദേവാലയത്തിൽ യേശുവിന്റെ അവതരണം (2:21–39).
   C. നസ്രേത്തിലേക്കുള്ള മടങ്ങിവരവും യേശുവിന്റെ ആരംഭ വളർച്ചയും (2:39, 40).
   D. യേശുവിനു പന്ത്രണ്ടുവയസ്സായപ്പോൾ അവൻ ദേവാലയത്തിൽ പോയി (2:41–50).
   E. നസ്രേത്തിലേക്ക് മടങ്ങുകയും യേശു തുടർച്ചയായി വളരുകയും ചെയ്യുന്നു (2:51, 52).
   F. യേശുവിനു മുപ്പതുവയസ്സായപ്പോൾ അവൻ തന്റെ ശുശ്രൂഷ ആരംഭിച്ചു. (യേശുവിന്റെ പ്രായം ലൂക്കൊസ് മാത്രമാണ് നൽകിയത് ധ3:23പ.)
      1. യോഹന്നാന്റെ ശുശ്രൂഷ (യോഹന്നാനെ പിടിച്ച് തടവിലാക്കുമെന്നു മുന്നറിയിച്ചിരുന്നു) (3:1–20).
      2. യേശുവിന്റെ സ്നാനവും വംശാവലിയും (3:21–38).
      3. യേശുവിന്റെ പരീക്ഷണം (4:1–13).
   G. അവന്റെ ആദ്യകാലയളവ് ഓർമ്മിക്കുവാൻ സഹായിക്കേണ്ടതിന്, ചില പ്രധാന സംഭവങ്ങൾ:
      1. ബേത്ത്ലേഹെമിലെ ജനനം.
      2. ബാല്യം നസ്രേത്തിൽ.
      3. സ്നാനം യോർദ്ദാനിൽ.
      4. ചരിത്രത്തിലെ പശ്ചാത്തലം (യേശുവിന്റെ വംശാവലി).
      5. സാത്താനോടുള്ള പോരാട്ടം (പരീക്ഷണം).

II. മനുഷ്യപുത്രന്റെ ശക്തി (4:14–9:50).
   A. ശുശ്രൂഷ ആരംഭിച്ചു.
      1. ഗലീലിയിലേക്ക്: യേശുവിന്റെ പ്രസംഗം ആരംഭിക്കുന്നു (4:14, 15).
      2. നസ്റേത്തിൽവെച്ച് ആദ്യ ത്യജിക്കൽ (4:16–30).
      3. കഫർന്നഹൂമിൽ ഉപദേശവും സൗഖ്യമാക്കലും (4:31–41).

4. ആദ്യം ഏകാന്തസ്ഥലത്തേക്ക് പോകയും പിന്നെ ഗലീലാ സന്ദർശനവും (4:42–44).
5. അത്ഭുത മീൻപിടിത്തവും – മീൻപിടിക്കുന്നവരെ വിളിക്കലും (5:1–11).
6. ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു; പ്രാർത്ഥിക്കുവാൻ വാങ്ങിപോകുന്നു (5:12–16).

B. ശുശ്രൂഷ വിമർശിക്കപ്പെട്ടു.
1. ഒരു മനുഷ്യനെ മേൽകൂരയിലൂടെ ഇറക്കി (5:17–26).
2. ലേവിയെ വിളിക്കുന്നതും പാപികളോടുകൂടെ ഭക്ഷിക്കുന്നതും (5:27–32).
3. ഉപവാസത്തെ കുറിച്ചുള്ള വിമർശനം (5:33–39).
4. ശബ്ബത്ത് വിമർശനം (6:1–11).

C. ശുശ്രൂഷ തുടർന്നു (ധ്രുതഗതിയിൽ).
1. പ്രാർത്ഥനയും പിന്നെ പന്തിരുവരെ തിരഞ്ഞെടുക്കുന്നതും (6:12–16).
2. തുറസായ സ്ഥലത്തുള്ള പ്രസംഗം (6:17–49).
3. കഫർന്നഹൂമിലേക്ക്; ശതാധിപന്റെ ദാസനെ സൗഖ്യമാക്കി (7:1–10).
4. നയീനിലേക്ക്; വിധവയുടെ മകനെ ഉയർപ്പിക്കുന്നു (7:11–17).
5. യോഹന്നാനെ കുറിച്ചുള്ള യേശുവിന്റെ സാക്ഷ്യം (7:18–35).
6. പരീശനായ ശിമോന്റെ വീട്ടിൽ (7:36–50) (വാ. 41–43 ലൂക്കൊസിന്റെ മാത്രം പ്രത്യേകതയാണ്).
7. മറ്റൊരു ഗലീലി സന്ദർശനം (8:1–3).
8. ഉപമകളും (വിതെക്കുന്നവന്റേയും വിളക്കിന്റേയും) യേശുവിന്റെ യഥാർത്ഥ ബന്ധുക്കളും (8:4–21).
9. കടൽ കടന്നുപോകുന്നതും കൊടുങ്കാറ്റിനെ ശാന്തമാക്കുന്നതും (8:22–25).
10. ഗെരേസെന്ന ദേശത്ത്: അശുദ്ധാത്മാവു ബാധിച്ച പുരുഷൻ (8:26–39).
11. കടൽ കടന്നു തിരിച്ചു പോകുന്നു; യായിറോസിന്റെ മകളെ ഉയർപ്പിക്കുകയും അത്ഭുതകരമായി രക്തസ്രവം മാറ്റുകയും ചെയ്തു (8:40–56).

D. ശുശ്രൂഷ അന്തിമഘട്ടത്തിൽ.
1. പന്തിരുവരെ അയക്കുന്നു (ഹെരോദാവിന്റെ ശ്രദ്ധ പിടിച്ചു പറ്റുകയും ചെയ്യുന്നു) (9:1–10).
2. ബേത്ത്സയിദക്ക് അടുത്ത് ഏകാന്തസ്ഥലത്തേക്കു പോകുന്നു; അയ്യായിരം പേരെ പോഷിപ്പിക്കുന്നു (9:10–17).
3. പ്രാർത്ഥനയും – വലിയ ഏറ്റുപറച്ചലും (9:18–22). യേശുവിന്റെ ശിഷ്യന്മാരെ *അവരുടെ* ക്രൂശ് എടുപ്പാൻ വെല്ലുവിളിച്ചു (9:23–27).
4. മറുരൂപം (9:28–36).

5. മലയിൽനിന്നും ഇറങ്ങിവരുന്നു; അശുദ്ധാത്മാവു ബാധിച്ച ബാലനെ സൗഖ്യമാക്കി; യേശുവിന്റെ മരണത്തെ കുറിച്ചു വീണ്ടും ശിഷ്യന്മാരോടു പറഞ്ഞു (9:37–45).
6. ശിഷ്യന്മാർ മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു: തങ്ങളിൽ ആരായിരിക്കും വലിയവൻ എന്നതിലുള്ള തർക്കം (തങ്ങളെ അനുഗമിക്കാത്തവരെ ശിക്ഷിക്കുന്നതിനെ സംബന്ധിച്ചുള്ള അപേക്ഷയും) (9:46–50).

III. മനുഷ്യപുത്രന്റെ പ്രസംഗം (9:51–18:30).

A. യേശു "യെരുശലേമിലേക്കു പോകുവാൻ തീരുമാനിച്ചു" (9:51 നോക്കുക).

1. ശമര്യയിൽ കൂടെ കടന്നുപോകുന്നു ("അഗ്നിയെ വിളിക്കുന്ന" സംഭവം) (9:51–56).
2. ആകാനി–രിക്കുന്ന ശിഷ്യന്മാർ (9:57–62).
3. എഴുപതു പേരെ അയക്കുന്നു (10:1–24).
4. ഒരു ശാസ്ത്രി പരീക്ഷിക്കുന്നതും നല്ല ശമര്യക്കാരന്റെ കഥയും (10:25–37).
5. ബെഥാന്യയിൽ: മറിയയുടെ തിരഞ്ഞെടുപ്പ്, "നല്ല അംശം" (10:38–42).
6. പൊതുവായ ഉപദേശം:
   a. പ്രാർത്ഥനയും – പ്രാർത്ഥനയെ കുറിച്ചുള്ള നിർദ്ദേശവും (11:1–13).
   b. കുറ്റാരോപണവും – ഭൂതങ്ങളെ കുറിച്ചും, അനുസരണത്തെ കുറിച്ചും, അടയാളം – അന്വേഷിക്കൽ എന്നതിനെ കുറിച്ചുള്ള ഉപദേശം (11:14–36).
   c. ഒരു പരീശനോടു കൂടെ ഭക്ഷിക്കുന്നു; പരീശന്മാരോടും ന്യായശാസ്ത്രിമാരോടും ഖേദം പ്രകടിപ്പിക്കൽ (11:37–54).
   d. പുരുഷാരവും പൊതുവായ ഉപദേശവും (12:1–12).
   e. അവകാശത്തെ കുറിച്ചുള്ള ചോദ്യവും – ധനവാനായ മൂഢന്റെ സംഭവവും (12:13–21).
   f. വിചാരപ്പെടുന്നതിനെ കുറിച്ചും, സ്വർഗീയനിക്ഷേപത്തെ കുറിച്ചും, സൂക്ഷിക്കുന്നതിനെ കുറിച്ചും, കാര്യവിചാരണയെ കുറിച്ചും സമ്മിശ്രമായ ഉപദേശം (12:22–59).
   g. ഒരു ചരിത്രപരമായ സൂചന; മാനസാന്തരത്തെ കുറിച്ചുള്ള ഉപദേശം (13:1–9).
7. കൂനിയായിരുന്ന സ്ത്രീയെ സൗഖ്യമാക്കി; വിമർശിക്കപ്പെടുകയും ചെയ്തു (13:10–17).
8. കടുകുമണിയോടും പുളിച്ച മാവിനോടും രാജ്യത്തെ ഉപമിച്ചു (13:18–21).

B. യേശു "യെരുശലേമിലേക്കു പോകുവാൻ" തുടങ്ങുന്നു

(13:22).

1. രക്ഷിക്കപ്പെടുന്നവർ ചുരുക്കം എന്ന ഉപദേശം (13:23–30).
2. ഗലീലീയിലേക്കു തിരിച്ചു വരുന്നു; യേശു ഹെരോദാവിനെ കുറിച്ചു മുന്നറിയിച്ചു; താൻ യെരുശലേമിൽ മരിക്കേണ്ടതാ കുന്നു എന്ന യേശുവിന്റെ പ്രസ്താവന ("യെരുശലേമേ, യെരുശലേമേ"; വാ. 34) (13:31–35).
3. ശബ്ബത്തിൽ പരീശനോടുകൂടെ ഭക്ഷിക്കുന്നതും മഹോദര മുള്ളോരു മനുഷ്യനെ സൗഖ്യമാക്കുന്നതും (14:1–6). പെരു ന്നാളുകളെ കുറിച്ചുള്ള ഉപദേശപരമ്പര:
   a. കല്ല്യാണത്തിൽ മുഖ്യാസനത്തെ കുറിച്ചുള്ള ഉപമ (14:7–11).
   b. സ്നേഹിതന്മാരെ വെറുതെ ക്ഷണിക്കുകയല്ല എന്നതിനെ കുറിച്ചുള്ള പാഠം (14:12–14).
   c. വലിയ അത്താഴത്തിന്റെ ഉപമ (14:15–24).
4. ശിഷ്യത്വത്തിന്റെ വില (14:25–35).
5. പാപികളോടുകൂടി ഭക്ഷിക്കുന്നതിനെ വിമർശിച്ചു (15:1, 2). പരീശന്മാർക്കും ശാസ്ത്രിമാർക്കും എതിരായുള്ള പാഠ ങ്ങളുടെ ഒരു പരമ്പര, അവർ നഷ്ടപ്പെടുന്ന ആത്മാ ക്കളെ കുറിച്ചു കരുതുന്നതിനെക്കാൾ ഭൗതികമായ കാര്യങ്ങളെ കുറിച്ചു കരുതലുള്ളവരായിരുന്നു:
   a. നഷ്ടപ്പെട്ട വസ്തുക്കളുടെ ഉപമകൾ (15:3–32).
   b. അനീതിയുള്ള കാര്യവിചാരകന്റെ ഉപമയും – പൊതുവായ ഉപദേശവും (16:1–18).
   c. ധനവാന്റെയും ലാസറിന്റെയും സംഭവം (16:19–31).
   d. അതിക്രമങ്ങളെ കുറിച്ചും വിശ്വസ്തമായ അനുസര ണത്തെ കുറിച്ചുമുള്ള ഉപദേശം (17:1–10).

C. യെരുശലേമിലേക്കുള്ള വഴിയിൽ; യേശു ശമര്യയിൽ കൂടെയും ഗലീലിയയിൽ കൂടെയും കടന്നുപോകുന്നു (17:11).
1. പത്ത് കുഷ്ഠരോഗികൾ (17:11–19).
2. വരുവാനുള്ള രാജ്യത്തെ കുറിച്ചും അവന്റെ രണ്ടാം വരവിനെ കുറിച്ചുമുള്ള ഉപദേശം (17:20–37).
3. പ്രാർത്ഥനയുടെ ഉപമകൾ:
   a. നിരന്തരമായിരുന്ന വിധവ (18:1–8).
   b. പരീശനും ചുങ്കക്കാരനും (18:9–14).
4. ശിശുക്കളെ അനുഗ്രഹിക്കൽ (18:15–17).
5. ധനവാനായ യുവപ്രമാണിയും ക്രിസ്തുവിനെ അനുഗമിക്കു ന്നതിന്റെ പ്രതിഫലങ്ങളും (18:18–30).

IV. മനുഷ്യപുത്രന്റെ കഷ്ടത (18:31–23:56).

A. അവസാന യാത്ര (മറ്റെല്ലാ യാത്രകളും ഈ യാത്രയിലേക്ക് വിരൽ ചൂണ്ടുന്നു:
1. തന്റെ *മരണത്തി* നുവേണ്ടി യെരുശലേമിലേക്ക് പോകുന്നു വെന്ന് യേശു തന്റെ ശിഷ്യന്മാരോടു

പറയുന്നു (18:31–34).

2. യെരിഹോവിൽ വെച്ച്: ഒരു കുരുടനെ സൗഖ്യമാക്കി (18:35–43).
3. യെരിഹോവിൽ: സക്കായി (19:1–10).
4. യെരുശലേമിനടുത്ത്: വെള്ളിയുടെ ഉപമ (19:11–27).

B. അവസാന ആഴ്ച്ച:

1. ഞായർ: വിജയകരമായ പ്രവേശനം (19:28–40).
2. തിങ്കൾ:
   a. യെരുശലേമിനെ കുറിച്ചു വിലപിക്കുന്നു; വാണിഭക്കാരെ പുറത്താക്കുന്നു (19:41–46).
   b. യേശുവിന്റെ ദിവസേനയുള്ള ഉപദേശം; അവന്റെ ശത്രുക്കൾ ഗൂഢാലോചന നടത്തുന്നു (19:47, 48).
3. ചൊവ്വ: ചോദ്യങ്ങളുടെ ദിവസം.
   a. "എന്തധികാരത്താൽ?" (20:1–8).
   b. തോട്ടത്തിലെ ഉപമ; തള്ളിക്കളഞ്ഞ കല്ലിനെ കുറിച്ചുള്ള ഉപദേശം (20:9–19).
   c. കൈസർക്ക് കരം കൊടുക്കുന്നതിനെ കുറിച്ചുള്ള ചോദ്യം (20:20–26).
   d. പുനരുത്ഥാനത്തെ കുറിച്ചുള്ള ചോദ്യം (20:27–39).
   e. ദാവീദിന്റെ സന്തതിയെ കുറിച്ചുള്ള ചോദ്യം (20:40–44).
   f. "ശാസ്ത്രിമാരെ സൂക്ഷിക്കുക" (20:45–47).
   g. വിധവയുടെ സംഭാവന (21:1–4).
   h. ദേവാലയവും ഭാവിയെ കുറിച്ചുള്ള പ്രസംഗവും (21:5–38).
4. പെസഹാസ്ഥലം (22:1–6).
5. വ്യാഴം:
   a. അവസാന അത്താഴം (22:7–38).
   b. ഗദ്ശെമന തോട്ടം (22:39–46).

C. അവസാന ദിവസം:

1. ഒറ്റിക്കൊടുക്കൽ (22:47–53).
2. മഹാപുരോഹിതന്റെ മുൻപാകെയുള്ള വിചാരണ (പത്രൊസിന്റെ തള്ളിപറയലും) (22:54–65).
3. ന്യായാധിപ സഭയാലുള്ള ഉറപ്പിക്കൽ (22:66–71).
4. പിലാത്തോസിന്റെ മുൻപിൽ കൊണ്ടുപോയി (23:1–6).
5. ഹെരോദാവിന്റെ അടുക്കൽ കൊണ്ടുപോയി (23:7–12).
6. പിലാത്തോസിന്റെ അടുക്കലേക്ക് വീണ്ടും കൊണ്ടുപോയി: "ബറബ്ബാസിനേയോ അതോ യേശുവിനെയോ?" (23:13–25).
7. കാൽവരിയിലേക്കുള്ള വഴിയിൽ (23:26–31).
8. എനിക്കുവേണ്ടി യേശുവിനെ ക്രൂശിൽ തറെപ്പിച്ചു (23:32–49)! (പശ്ചാത്തപിച്ച ക്രൂശിലെ കള്ളന്റെ സംഭവം ലൂക്കൊസിന്റെ മാത്രം പ്രത്യേകതയാണ്.)
9. അരിമഥ്യക്കാരനായ യോസേഫിനാൽ അവനെ അടക്കം

ചെയ്തു (23:50–56).

V. മനുഷ്യപുത്രന്റെ പൂർണ്ണത (24:1–53). (യേശു വെറും മനുഷ്യനായിരുന്നില്ല എന്ന് അവന്റെ ഉയർപ്പ് വ്യക്തമാക്കുന്നു; റോമർ 1:4 നോക്കുക).
   A. ശൂന്യമായ കല്ലറ.
      1. സ്ത്രീകൾ കല്ലറക്കൽ പോകുന്നു (24:1–11).
      2. പത്രൊസ് ശൂന്യമായ കല്ലറയിലേക്ക് ഓടുന്നു (24:12).
   B. ഉയർത്തെഴുന്നേൽപ്പ് പ്രത്യക്ഷതകൾ:
      1. എമ്മവുസിലേക്കുള്ള വഴിയിൽ രണ്ടുപേർക്ക് (24:13–35). (അവർക്കു മുൻപ് അറിയാമായിരുന്ന സ്നേഹമുള്ള സ്നേഹിതനാണ് യേശുവെന്ന് കാണിച്ചിരിക്കുന്നു.)
      2. പതിനൊന്നുപേർക്ക്: മഹത്തായ ആജ്ഞ; യെരുശലേമിൽ കാത്തിരിക്കുവാനുള്ള നിർദ്ദേശം (24:36–49).
   C. സ്വർഗ്ഗാരോഹണം (24:50, 51).
   D. ശിഷ്യന്മാർ കാത്തിരിക്കുവാനായി യെരുശലേമിലേക്ക് മടങ്ങിവന്നു (24:52, 53). (ഇവിടെ ലൂക്കൊസ് തന്റെ പേന താഴെ വെക്കുന്നു – അത് അധികം താമസിയാതെ പ്രവൃത്തികളുടെ പുസ്തകത്തിൽ സംഭവങ്ങൾ എഴുതി തുടങ്ങുന്നതി നായിരുന്നു.)

**ഉപസംഹാരം**

A. അങ്ങനെ "യേശു ഉപദേശിച്ചതും ചെയ്തു തുടങ്ങിയതുമെല്ലാം" എന്നതിനെ കുറിച്ചുള്ള ലൂക്കൊസിന്റെ വിവരണം അവസാനി ക്കുന്നു (പ്രവൃത്തികൾ 1:1):
   1. അവന്റെ മേശ.
   2. അവന്റെ കണ്ണുനീർ.
   3. അവന്റെ പരീക്ഷണങ്ങൾ.
   4. അവന്റെ മരം.
   5. അവന്റെ കല്ലറ.
   6. അവന്റെ വിജയം.

B. ആ തികവുള്ള മനുഷ്യപുത്രൻ ഇപ്പോഴും ജീവിക്കുകയും, അവൻ *നിങ്ങളെ* സഹായിക്കുകയും ചെയ്യും (എബ്രായർ 4:15, 16 നോക്കുക).

---

കുറിപ്പുകൾ

[1]ലൂക്കൊസിന്റെയും പ്രവൃത്തികളുടെയും പുസ്തകത്തിന്റെ എഴുത്തുകാരനാണ് പുതിയ നിയമത്തിലേക്ക് ധാരാളം സംഭാവന നൽകിയിട്ടുള്ളത്. [2]ഈ നീക്കം ചെയ്യുന്ന നടപടി മെറിൽ സി. ടെന്നിയുടെ, *ന്യൂ ടെസ്റ്റമെന്റ് സർവ്വേ*യിൽ പറഞ്ഞിട്ടുണ്ട് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയുഎം. ബി. ഏർഡ്മാൻസ് പബ്ളിഷിങ് കമ്പനി., 1961), 173. [3]ലൂക്കൊസിന്റെയും പ്രവൃത്തികളുടെയും പുസ്തകത്തിന്റെ ഗ്രന്ഥകർത്താവിനെകുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾക്ക്, *ട്രൂത്ത് ഫോർ ടുഡേ*യുടെ *പ്രവൃത്തികൾ, 1* എന്ന പുസ്തകം നോക്കുക. [4]അവന്റെ പേരിന്റെ ലാറ്റിൻ രൂപത്തിന്റെ

അർത്ഥം "വെളിച്ചം കൊണ്ടു വരുന്നവൻ" എന്നാണ്. ഗ്രീക്കിൽ, "ലൂക്കൊസ്" എന്നത് ഒരു ആരംഭ സ്ഥാനത്തെയും സൂചിപ്പിക്കുന്നു: "ലുക്കേനിയയിൽ നിന്ന്." [5]പിന്നീടുണ്ടായ കയ്യെഴുത്തു പ്രതികളിൽ ഒന്നിൽ പ്രവൃത്തികൾ 11:28–ലെ "ഞങ്ങൾ" എന്നുപറയുന്ന വേദഭാഗമുണ്ട്, (ബ്രൂസ് മെറ്റ്സജർ, *എ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്*, 3–ാം എഡി. [ന്യൂയോർക്ക് ബൈബിൾ സൊസൈറ്റീസ്, 1971], 344–345). [6]ലൂക്കൊസ് 1:1–4 ലുള്ള ലൂക്കൊസിന്റെ മുഖവുര സൂചിപ്പിക്കുന്നത് അവനു വ്യക്തിപരമായി യേശുവിനെ അറിയാമായിരുന്നില്ല എന്നാണ്, എന്നാൽ "ആദി മുതൽ" എന്ന വാക്കുകൾ (രണ്ടുപ്രാവശ്യം ആ വേദഭാഗത്തിൽ ഉപയോഗിച്ചിരിക്കുന്നതു) സൂചിപ്പിക്കുന്നത് അവൻ സഭയുടെ ആരംഭ ചരിത്രത്തിൽ ക്രിസ്ത്യാനിയായി തീർന്നു എന്നാണ്. [7]ദൈവശ്വാസീയമല്ലാത്ത പാരമ്പര്യമനുസരിച്ച്, ലൂക്കൊസിന് യേശുവിന്റെ പ്രാരംഭ ജീവിതത്തെ കുറിച്ചുള്ള അറിവ് ലഭിച്ചത് യേശുവിന്റെ അമ്മ, മറിയയിൽ നിന്നായിരുന്നു. [8]1 തിമൊഥെയൊസ് 5:18–ൽ ഉള്ളത് (ഏകദേശം എ.ഡി. 65–ൽ എഴുതപ്പെട്ടത്), പൗലൊസ് ഒന്നുകിൽ മത്തായി 10:10–ൽ നിന്ന് അല്ലെങ്കിൽ ലൂക്കൊസ് 10:7–ൽ നിന്ന് ആയിരിക്കാം വീണ്ടും ആവർത്തിച്ചിരിക്കുന്നത്. [9]ഈ വേദഭാഗം പ്രവൃത്തികൾ 1:1–മായി താരതമ്യം ചെയ്യുക. [10]ഈ പ്രസ്താവനയിൽ നിന്ന് മത്തായി, മർക്കൊസ്, യോഹന്നാൻ എന്നിവരെ മാറ്റിനിർത്തിയിരിക്കുന്നു.

[11]"പബ്ളിക്കേഷൻ" എന്നതു സൂചിപ്പിക്കുന്നത് പുസ്തകത്തിന്റെ പകർപ്പുകൾ എടുത്തു വിതരണം ചെയ്യുന്നതിനെയാണ്. [12]പരിശുദ്ധാത്മാവ് ലൂക്കൊസിന്റെ ഗവേഷണത്തെ സഹായിച്ചിരിക്കുന്നു, തീർച്ചയായും, ആ ഗവേഷണത്തിൽ നിന്ന് ലഭിച്ച വസ്തുതകളെ ലൂക്കൊസ് ഉപയോഗിക്കുമ്പോഴും അവനെ സഹായിച്ചിരുന്നു. [13]ഈ പാഠത്തിൽ അടുത്തതായി വിശദമാക്കിയിരിക്കുന്ന, പുസ്തകത്തിന്റെ ഊന്നൽ കണക്കിലെടുക്കുക. [14]വിദ്വാൻമാർ ഒരു രാജാവിനെ സന്ദർശിക്കുവാനാണ് പോയത് എന്ന് മത്തായി ഊന്നൽ കൊടുത്തു പറയുന്നുണ്ട്, എന്നാൽ ലൂക്കൊസ് ഊന്നൽ കൊടുത്തത് ശിശുവായ യേശുവിനെ സന്ദർശിക്കുവാനാണ് ഇടയന്മാർ പോയത് എന്നാണ്. [15]പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളെ കുറിച്ചുള്ള ആ ഊന്നൽ പ്രവൃത്തി കളുടെ പുസ്തകത്തിൽ തുടരുന്നു. [16]ലൂക്കൊസിന്റേതിനേക്കാൾ കൂടുതൽ അദ്ധ്യായങ്ങൾ മത്തായിയിലുണ്ട്, എന്നാൽ ലൂക്കൊസിന്റേതിൽ കൂടുതൽ വസ്തുതകൾ ഉണ്ട്. എന്റെ കൈവശമുള്ള എൻഎഎസ്ബിയുടെ പകർപ്പിൽ, മത്തായിയുടെ പുസ്തകത്തിൽ മുപ്പതു പേജുകളിൽ അല്പം കൂടുതൽ വരും എന്നാൽ ലൂക്കൊസിന്റേതിൽ മുപ്പത്തി–രണ്ടു പേജുകൾ ഉണ്ട്.